REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 17-05-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ലോക്‌സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാം ഘട്ടത്തിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ അവസാന ദിവസം ഇന്ന്. അഞ്ചാം ഘട്ടത്തിൽ പരസ്യ പ്രചാരണം നാളെ തീരും.
- തെരഞ്ഞെടുപ്പ് കമ്മീഷൻ ലോകത്തിനു മുഴുവൻ അത്ഭുതവും പുതുമയുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- കുടുംബശ്രീക്ക് ഇന്ന് 26-ാം പിറന്നാൾ.
- ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ലഹരിമാഫിയയ്ക്കുമെതിരെ സംസ്ഥാനത്ത് സ്‌പെഷ്യൽ ഡ്രൈവ്.
- IPL ക്രിക്കറ്റിൽ, സൺറൈസേഴ്സ് ഹൈദരാബാദിന് പ്ലേ ഓഫ് യോഗ്യത.

## വാർത്തകൾ വിശദമായി

ലോക്‌സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാവുന്ന അവസാന ദിവസം ഇന്നാണ്. അഞ്ചാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാളെ പരസ്യപ്രചാരണം അവസാനിക്കും.

അവസാന ഘട്ടത്തിൽ എട്ട് സംസ്ഥാനങ്ങളിലെ 57 സീറ്റുകളിലേക്ക് ജൂൺ ഒന്നിനാണ് വോട്ടെടുപ്പ്. ബീഹാർ, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, ഒഡീഷ, പഞ്ചാബ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ചണ്ഡീഗഢ് സംസ്ഥാനങ്ങളിലെ ശേഷിക്കുന്ന മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധിയെഴുതുന്നതോടെ 18-ാം ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് രാജ്യത്ത് പൂർത്തിയാകും.

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാളെ പരസ്യപ്രചാരണം അവസാനിക്കും. ആറ് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണപ്രദേശങ്ങളിലുമായി 49 സീറ്റുകളിലേക്ക് തിങ്കളാഴ്ചയാണ് വോട്ടെടുപ്പ്.

.....ഡെസ്ക് റിപ്പോർട്ട്......

........വോയ്സ്.........

മഹാരാഷ്ട്ര, ബീഹാർ, ഝാർഖണ്ഡ്, ഒഡീഷ, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലെയും ജമ്മു കാശ്മീർ, ലഡാക്ക് കേന്ദ്രഭരണപ്രദേശങ്ങളിലെയും മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, ബിജെപി നേതാക്കളും കേന്ദ്രമന്ത്രിമാരുമായ രാജ്നാഥ് സിംഗ്, സ്മൃതി ഇറാനി, പിയൂഷ് ഗോയൽ, എൽജെപി നേതാവ് ചിരാഗ് പാസ്വാൻ, നാഷണൽ കോൺഫറൻസ് നേതാവ് ഉമർ

അബ്ദുല്ല തുടങ്ങിയവരാണ് അഞ്ചാം ഘട്ടത്തിൽ ജനവിധി തേടുന്ന പ്രമുഖ സ്ഥാനാർഥികൾ.

അവസാന മൂന്ന് ഘട്ടങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെയും മുന്നണികളുടെയും പ്രമുഖ നേതാക്കൾ നയിക്കുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ സജീവമായി പുരോഗമിക്കുകയാണ്.

പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി ഇന്ന് ബാരാബങ്കി, ഫത്തേപൂർ, ഹാമിർപൂർ മണ്ഡലങ്ങളിൽ മൂന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കും. ഇന്നലെ ഉത്തർപ്രദേശിലായിരുന്നു പ്രധാനമന്ത്രിയുടെ പര്യടനം. AICC ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് വേണ്ടി റായ്ബറേലി മണ്ഡലത്തിൽ ഇന്നലെ  പ്രചാരണം നടത്തി.

✪✪✪

തെരഞ്ഞെടുപ്പ് കമ്മീഷൻ ലോകത്തിനു മുഴുവൻ അത്ഭുതവും പുതുമയുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കമ്മീഷന്റെ മികച്ച പ്രവർത്തനം ലോകശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പുകളെ വിജയവും പരാജയവുമായി മാത്രം ചിത്രീകരിക്കാൻ പാടില്ലെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. തെരഞ്ഞെടുപ്പുകൾ രാഷ്ട്രീയ

പാർട്ടികളുടെ സന്ദേശങ്ങൾ നേരിട്ട് ജനങ്ങളിലെത്തിക്കാൻ ലഭിക്കുന്ന അവസരമാണ്.

കോൺഗ്രസിനെ സംബന്ധിച്ച് ജനാധിപത്യം അധികാരത്തിൽ തുടരാൻ ലഭിക്കുന്ന അവസരം മാത്രമാണെന്ന് മോദി കുറ്റപ്പെടുത്തി. നെഹ്റു കുടുംബത്തിന്റെ പാരമ്പര്യം കോൺഗ്രസിന് അമിത ഭാരമായി മാറിയിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

അമീബിക് മസ്തിഷ്കജ്വരബാധ റിപ്പോർട്ട് ചെയ്ത മലപ്പുറം മൂന്നിയൂർ പഞ്ചായത്തിൽ പ്രതിരോധ നടപടികൾ ശക്തമാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. R.രേണുക അറിയിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ പ്രസിഡന്റ് ചെയർപേഴ്സണും മെഡിക്കൽ ഓഫീസർ കൺവീനറുമായി റാപിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു.

പുതിയ പനി കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രദേശത്തെ വീടുകളിൽനിന്ന് അഞ്ചുപേർ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പരിശോധനയ്ക്കെത്തി. ഇവരിൽ രോഗ ലക്ഷണങ്ങൾ കണ്ടെത്തിയിട്ടില്ല. രോഗബാധയുണ്ടായെന്നു കരുതുന്ന പാറക്കൽ കടവിൽനിന്ന് വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചു. കെട്ടിക്കിടക്കുന്ന വെള്ളത്തിലും പുഴയിലും മലിന ജലാശയങ്ങളിലും യാതൊരു കാരണവശാലും ഇറങ്ങുകയോ

അവയിലെ വെള്ളം ഉപയോഗിച്ച് മുഖം കഴുകുകയോ ചെയ്യാൻ പാടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശിച്ചു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നാല് വയസുകാരിയുടെ ശസ്ത്രക്രിയയിൽ പിഴവ് സംഭവിച്ചെന്ന പരാതിയിൽ ഡോക്ടർക്കെതിരെ പോലീസ് കേസെടുത്തു. ആറാമത്തെ വിരൽ നീക്കം ചെയ്യുന്ന ശസ്ത്രക്രിയയ്ക്ക് പകരം നാവിൽ ശസ്ത്രക്രിയ നടത്തിയെന്നാണ് പരാതി. സംഭവത്തിൽ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിജോൺ ജോൺസനെ ആരോഗ്യ വകുപ്പ് സസ്പെൻഡ് ചെയ്തിരുന്നു. സംഭവത്തെപ്പറ്റി അടിയന്തരാന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. തുടർനടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകിയിട്ടുണ്ട്.

എന്നാൽ, വസ്തുതകൾ അന്വേഷിക്കാതെ ധൃതി പിടിച്ചു ഡോക്ടറെ സസ്പെൻഡ് ചെയ്തത് നിർഭാഗ്യകരമാണെന്ന് KGMCTA ഭാരവാഹികൾ പ്രസ്താവനയിൽ പറഞ്ഞു. ആറാം വിരൽ നീക്കം ചെയ്യാൻ ശസ്ത്രക്രിയക്ക് എത്തിയ കുട്ടിയുടെ നാവിന്നടിയിൽ സംസാര വൈകല്യമുണ്ടാക്കുന്ന കെട്ട് ശ്രദ്ധയിൽ പെടുകയായിരുന്നു. ഇത് ശസ്ത്രക്രിയ ചെയ്തു മാറ്റുകയായിരുന്നുവെന്നും അവർ പറഞ്ഞു.

ശസ്ത്രക്രിയ പിഴവ് ഗൗരവതരമാണെന്നും വിഷയത്തിൽ മുഖ്യമന്ത്രി മറുപടി പറയണമെന്നും BJP സംസ്ഥാന പ്രസിഡന്റ് K.സുരേന്ദ്രൻ ആവശ്യപ്പെട്ടു. ആരോഗ്യമന്ത്രി രാജിവെക്കണമെന്നും കുഞ്ഞിന് അർഹമായ നഷ്ടപരിഹാരം നൽകണമെന്നും സുരേന്ദ്രൻ പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

സ്കൂൾ തുറപ്പിന് മുന്നോടിയായി കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തരുതെന്ന് മന്ത്രി V. ശിവൻകുട്ടി ആവശ്യപ്പെട്ടു. കുട്ടികളുടെ സുരക്ഷയ്ക്ക് കൃത്യമായ പരിശോധനകൾ അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത് തയ്യാറെടുപ്പുകളെ ദോഷകരമായി ബാധിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കേരളത്തിൽ സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമാജനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീക്ക് ഇന്ന് 26-ാം പിറന്നാൾ. 1998 മേയ് 17-ന് മലപ്പുറത്ത് തുടക്കമിട്ട കുടുംബശ്രീ ഇത്തവണ പിറന്നാൾദിനത്തിൽ 'എന്നിടം' പദ്ധതിക്ക് തുടക്കമിടും. അയൽക്കൂട്ട വനിതകളുടെ കലാസാഹിത്യ വാസനകൾ വളർത്താനും ആശയങ്ങൾ പങ്കുവെക്കാനും ഒരുക്കുന്ന സാംസ്കാരിക വേദിയാണ് 'എന്നിടം'. മലപ്പുറം ജില്ലയിലെ എന്നിടം പദ്ധതി പാണ്ടിക്കാട് CDS-ലെ കാളമ്പാറ

തെയ്യമ്പാടിക്കുത്ത് കവലയിൽ സിനിമ-നാടൻപാട്ട് കലാകാരൻ സുരേഷ് തിരുവാലി ഉദ്ഘാടനംചെയ്യും.

✪✪✪

ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ലഹരിമാഫിയയ്ക്കുമെതിരെ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ഇന്നലെ 300 ലേറെ പേർക്കെതിരെ പൊലീസ് നടപടിയെടുത്തു. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 90 പേർക്കെതിരെയും വാറണ്ട് കേസിൽ പ്രതികളായ 153 പേർക്കെതിരെയുമാണ് അറസ്റ്റ് ഉൾപ്പെടെ നിയമനടപടികൾ. 53 പേരെ കരുതൽ തടങ്കലിൽ ആക്കുകയും അഞ്ചു പേർക്കെതിരെ കാപ്പാ നിയമപ്രകാരം നടപടിയെടുക്കുകയും ചെയ്തു.

സ്പെഷ്യൽ ഡ്രൈവുമായി ബന്ധപ്പെട്ട് സംസ്ഥാന പൊലീസ് മേധാവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സമാധാനാന്തരീക്ഷം തകർക്കുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കാൻ തീരുമാനിച്ചു. സോണൽ I.G-മാർക്കും റെയിഞ്ച് D.I.G-മാർക്കും ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ അടിയന്തര നിയമനടപടി എടുക്കാനും DGP നിർദ്ദേശിച്ചു.

✪✪✪

കേരളത്തിൽ വേനൽ മഴ ഏതാനും ദിവസം കൂടി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ചിലയിടങ്ങളിൽ മഴ ശക്തമാകും. ചക്രവാതചുഴിയാണ് മഴ തുടരാൻ കാരണമാകുന്നത്.

ഇന്ന് പത്തനംതിട്ട, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ അതിശക്തമായ മഴ സാധ്യത മുൻ നിർത്തി ഓറഞ്ച് ജാഗ്രതയും നൽകി.

കാറ്റ് ശക്തമായേക്കുമെന്ന മുന്നറിയിപ്പിനെ തുടർന്ന് തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് മേഖലയിലും തിങ്കളാഴ്ച വരെ മീൻ പിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കോഴിക്കോട് - കണ്ണൂർ ദേശീയ പാതയിലെ സ്വകാര്യ ബസുകളുടെ അമിത വേഗവും മത്സര ഓട്ടവും ഉൾപ്പെടെ ഗതാഗത നിയമ ലംഘനങ്ങൾ പൊലീസും ഗതാഗത വകുപ്പും പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു.

നിയമ ലംഘനങ്ങൾ പരിശോധിച്ച് മൂന്നാഴ്ചക്കകം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർ പേഴ്സൺ K. ബൈജുനാഥ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും DGP-ക്കും നിർദേശം നൽകി. ജൂണിൽ കോഴിക്കോട്ടെ സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

കോഴിക്കോട് പന്തീരാങ്കാവിലെ ഗാർഹിക പീഡനകേസിൽ ഭർത്താവ് രാഹുലിനായി പൊലീസ് അന്വേഷണം തുടരുന്നു. ഇന്നലെ രാഹുലിന്റെ കുടുംബാംഗങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ പൊലീസ് എത്തിയെങ്കിലും അവർ വീട്ടിലുണ്ടായിരുന്നില്ല.

✪✪✪

IPL ക്രിക്കറ്റിൽ, സൺറൈസേഴ്സ് ഹൈദരാബാദ് പ്ലേ ഓഫിന് യോഗ്യത നേടി. ഇന്നലെ മഴയെ തുടർന്ന് സൺറൈസേഴ്സ് ഗുജറാത്ത് ടൈറ്റൻസ്, മത്സരം ഉപേക്ഷിച്ചതിനെ തുടർന്നാണ് അവർ പ്ലേ ഓഫ് യോഗ്യത നേടിയത്.

ഇന്ന് മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാന ബാഡ്മിന്റൺ അസോസിയേഷൻ സംഘടിപ്പിക്കുന്ന സീനിയർ റാങ്കിങ്ങ് ടൂർണമെന്റ് നാളെ ആരംഭിക്കും. ഈ മാസം 23 വരെ ചാത്തന്നൂർ ഇസിയാൻ ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം. 400 ഓളം താരങ്ങൾ പങ്കെടുക്കുന്ന ടൂർണമെന്റിൽ നിന്നാണ് സംസ്ഥാനത്തെ ടോപ് സീഡുകളെ നിശ്ചയിക്കുന്നത്. അണ്ടർ-19 ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും റാങ്കിങ്ങ് ടൂർണമെന്റും ഇതോടൊപ്പം നടക്കും.

✪✪✪

ഓൺലൈൻ ഓഹരി വ്യാപാരത്തിന്റെ പേരിൽ ആലപ്പുഴ മുഹമ്മ സ്വദേശിയിൽ നിന്ന് 17 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ യുവതി പിടിയിലായി. തൃക്കരിപ്പൂർ സ്വദേശി ഫർഹത്ത് ഷിറിനാണ് അറസ്റ്റിലായത്. സംഘത്തിൽപെട്ട ഗുജറാത്ത് സ്വദേശിനിയുൾപ്പെടെ ഏതാനും പേരെ ഇനിയും പിടികിട്ടാനുണ്ട്. മുഹമ്മ സ്വദേശി സിറിൽ ചന്ദ്രനിൽ നിന്ന് ഓൺലൈനായി വാങ്ങിയ പണം ഓഹരിയിൽ നിക്ഷേപിക്കാതെയായിരുന്നു തട്ടിപ്പ്.

✪✪✪

"കരിപ്പൂർ ഹജ്ജ് ഹൗസിൽ ഹജ്ജ് സെൽ പ്രവർത്തനം തുടങ്ങി. കോഴിക്കോട് ക്രൈംബ്രാഞ്ച് S.P കെ.കെ. മൊയ്തീൻകുട്ടിയുടെ നേതൃത്വത്തിൽ 47 പേർ സെല്ലിലുണ്ട്. തീർഥാടകരുടെ യാത്രാരേഖകൾ കൈകാര്യം ചെയ്യുന്നത് ഹജ്ജ് സെൽ മുഖേനയാണ്. തിങ്കളാഴ്ച ഹജ്ജ് ക്യാമ്പിൽ തീർഥാടകർ എത്തിത്തുടങ്ങും. കൊച്ചിയിൽ 21-നും കണ്ണൂരിൽ 26-നും ഹജ്ജ് സെൽ പ്രവർത്തനം തുടങ്ങും.

✪✪✪

കേരളത്തിലെ പ്രധാന നഗരങ്ങളിൽ KSRTC ബസ്സ് സ്റ്റേഷനുകളിൽ റസ്റ്റോറന്റുകളും മിനി സൂപ്പർ മാർക്കറ്റുകളും തുറക്കുന്നതിന് KSRTC താൽപര്യപത്രം ക്ഷണിച്ചു. ആദ്യഘട്ടത്തിൽ 14 സ്റ്റേഷനുകളിലാണ് ഇവ ആരംഭിക്കുന്നത്. അഞ്ച് വർഷമായിരിക്കും ഇവയുടെ പ്രവർത്തനാനുമതിയെന്ന് KSRTC അറിയിച്ചു.

✪✪✪

വിവരാവകാശ അപേക്ഷകൾ ജനപക്ഷത്തു നിന്ന് കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥർ തയ്യാറാകണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A. അബ്ദുൽ ഹക്കീം നിർദ്ദേശിച്ചു. അപേക്ഷകർക്ക് വിവരം നൽകുന്നതിന് പകരം എങ്ങനെ നൽകാതിരിക്കാം എന്ന കാര്യത്തിലാണ് പല ഉദ്യോഗസ്ഥരും ഗവേഷണം നടത്തുന്നതെന്ന് അദ്ദേഹം മലപ്പുറത്ത് കമ്മീഷൻ തെളിവെടുപ്പിൽ പറഞ്ഞു.

കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനത്തിൽ സംവരണ റോട്ടേഷൻ ചാർട്ടും അനുബന്ധ രേഖകളും ഒരാഴ്ചയ്ക്കകം അപേക്ഷകന് ലഭ്യമാക്കണമെന്ന് കമ്മീഷൻ ഉത്തരവ് നൽകി.